# പതിമൂന്നാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 922** **29/09/2011-ൽ മറുപടിക്ക്**

## പാഠപുസ്തക നിർമ്മാണത്തിലെ അപാകതകൾ

| ചോദ്യം<br>ശ്രീ. സി. പി. മുഹമ്മദ് : | | ഉത്തരം<br>ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
|---|---|---|---|
| എ) | മുൻ സർക്കാരിന്റെ കാലത്തെ പാഠപുസ്തക നിർമ്മാണത്തിലെ അപാകതകൾ പരിഹരിച്ച് കുറ്റമറ്റ രീതിയിൽ പാഠപുസ്തകങ്ങൾ പരിഷ്കരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; | എ) | പാഠപുസ്തകങ്ങൾ പരമാവധി കുറ്റമറ്റതാക്കുന്നതിനുവേണ്ടി വിവിധ തലങ്ങളിലുള്ള കമ്മിറ്റികൾ അവ പരിശോധിക്കുന്നുണ്ട്. |
| ബി) | പത്താംക്ലാസിലെ പാഠപുസ്തക നിർമ്മാണവുമായി ബന്ധപ്പെട്ട് 2010- ൽ നടത്തിയ ശില്പശാലയിൽ നിന്നും ഒരു സംഘം അദ്ധ്യാപകരെ മാറ്റി നിറുത്തിയ ഉദ്യോഗസ്ഥന്റെ പങ്കിനെക്കുറിച്ച് അന്വേഷണം നടത്തുമോ; | (ബി) | പത്താം ക്ലാസ്സിലെ പാഠപുസ്തക നിർമ്മാണത്തിൽ പങ്കെടുത്തിരുന്ന ആരെയും പുറത്താക്കിയിട്ടില്ല. |
| സി) | ഇതു സംബന്ധിച്ചു ലഭിച്ച പരാതികൾ പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ; | സി) | അത്തരം പരാതികളൊന്നും ലഭിച്ചിട്ടില്ല. |
| ഡി) | എസ്.സി.ഇ.ആർ.ടി. പാഠപുസ്തക നിർമ്മാണ സമിതികളിൽ ഒരു സംഘം അദ്ധ്യാപകരെ സ്ഥിരമായി നിയമിക്കുന്നതിനെക്കുറിച്ച് അന്വേഷണം നടത്തുമോ; | ഡി) | പാഠപുസ്തക നിർമ്മാണത്തിൽ ക്രിയാത്മകമായി പങ്കെടുക്കുന്ന അദ്ധ്യാപകരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്താൻ എസ്.സി.ഇ. ആർ.ടി ശ്രമിക്കാറുണ്ട്. മറ്റ് പരിഗണനകളൊന്നും ഇക്കാര്യത്തിൽ നൽകാറില്ല. |
| ഇ) | പാഠപുസ്തക-കരിക്കുലം കമ്മിറ്റികൾ പുന:സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | ഇ) | പുതിയ പാഠപുസ്തകങ്ങൾ തയ്യാറാക്കുന്ന അവസരത്തിൽ പ്രഗൽഭരും അർപ്പിതമനസ്കരുമായ അദ്ധ്യാപകരെയും വിദ്യാഭ്യാസ വിദഗ്ധരെയും ഉൾപ്പെടുത്തി പുതിയ പാഠപുസ്തക സമിതികൾ രൂപീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ